# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4999** **23.03-2018-ൽ മറുപടിക്ക്**

**വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ വർക്കിംഗ് അറേഞ്ച്മെന്റിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ**

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനംവകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമന ഉത്തരവ് നൽകി; ഇവരിൽ എത്രപേർ ഏതൊക്കെ സെക്ഷനുകളിൽ നിലവിൽ ജോലിചെയ്യുന്നു;വിശദാംശം ലഭ്യമാക്കുമോ; | (എ) | 4 പേർക്ക് നിയമന ഉത്തരവ് നൽകി. വനംവകുപ്പ് ആസ്ഥാനത്തെ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് ഓഫീസിനു കീഴിൽ വരുന്ന ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ 2 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.എച്ച്.ആർ.ഡി) ഓഫീസിലും വനം വകുപ്പാസ്ഥാനത്തെ എസ്റ്റേറ്റ് ഓഫീസിലും ഓരോ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്തു വരുന്നു. |
| (ബി) | ഇത്തരത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലിചെയ്യുന്നതിന് വനം വകുപ്പുദ്യോഗസ്ഥരുടെ പാനൽ തയ്യാറാക്കിരുന്നുവോ; ഇല്ലെങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയതെന്ന് വെളിപ്പെടുത്തുമോ; | (ബി) | പാനൽ തയ്യാറാക്കിയിട്ടില്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 15/10/1992 -ലെ 1015/D2/92/P&ARD നമ്പർ സർക്കുലർ പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും ചില പ്രത്യേക സാഹചര്യങ്ങളിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം ലഭിച്ചവരുടെ ആദ്യം ഉണ്ടായിരുന്ന തസ്തികകളിൽ പുതുതായി നിയമനം നടത്തിയിട്ടുണ്ടോ; നടത്തിയിട്ടില്ലെങ്കിൽ ഇതുമൂലം വനം വകുപ്പിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ലാവണം അവർ ജോലി നോക്കിയിരുന്ന ഓഫീസുകളിൽ തന്നെ തുടരുന്നതിനാൽ പകരം നിയമനം നടത്താറില്ല. നിലവിൽ മറ്റ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനം കൊണ്ട് ബുദ്ധിമുട്ടില്ലാത്ത പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ